ഭരണഭാഷ – മാതൃഭാഷ
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ - ശ്രീ. ബി.റ്റി.വി. കൃഷ്ണൻ, ബി.ടെക്ക്)

**ഉത്തരവ് നമ്പർ : ബി1/4374/16/സിഇ തീയതി. 04/11/2020**

| | |
|---|---|
| വിഷയം :- | ജീവനക്കാര്യം – ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡന്റ് ശ്രീ.വി.എൻ. ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് ക്രെയിൻ ഓപ്പറേറ്റർ ശ്രീ. വിമൽ പ്രസാദ് എന്നിവരുടെ ജോലി ക്രമീകരണ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. |
| പരാമർശം:- | ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 10/08/2020 തീയതിയിലെ ബി1/555/20/എസ്.ഇ നമ്പർ കത്ത്. |

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡന്റ് ശ്രീ.വി.എൻ. ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം ഡിവിഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് ക്രെയിൻ ഓപ്പറേറ്റർ ശ്രീ. വിമൽ പ്രസാദ് എന്നിവരെ ഭരണ സൗകര്യാർത്ഥം ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷനിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്ന കാലാവധി യഥാക്രമം 03/04/2020-നും 18/05/2020-നും അവസാനിച്ചിരുന്നു. എന്നാൽ ടിയാളുകളുടെ സേവനം നീണ്ടകര സബ് ഡിവിഷനിൽ തുടർന്നും ആവശ്യമുള്ളതിനാൽ ജോലിക്രമീകരണ വ്യവസ്ഥാ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ദക്ഷിണമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡന്റ് ശ്രീ.വി.എൻ. ഉണ്ണികൃഷ്ണൻ, ഹാർബർ എഞ്ചിനീയറിംഗ് തിരുവനന്തപുരം ഡിവിഷനിലെ അസിസ്റ്റന്റ് ക്രെയിൻ ഓപ്പറേറ്റർ ശ്രീ. വിമൽ പ്രസാദ് എന്നിവർക്ക് യഥാക്രമം 04/04/2020 മുതൽ 6 മാസത്തേയ്ക്കും 19/05/2020 മുതൽ 6 മാസത്തേയ്ക്കും നീണ്ടകര സബ് ഡിവിഷനിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ കാലാവധി ദീർഘിപ്പിച്ച് നൽകുന്നു.

ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുള്ള ഹാജർ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ

കാര്യാലയത്തിൽ നിന്നും തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ടിയാളുകൾക്ക് ശമ്പളം നൽകേണ്ടതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,

ശ്രീ.വി.എൻ. ഉണ്ണികൃഷ്ണൻ (ആഫീസ് അറ്റൻഡന്റ്)
ശ്രീ. വിമൽ പ്രസാദ് (അസിസ്റ്റന്റ് ക്രെയിൻ ഓപ്പറേറ്റർ)

പകർപ്പ് : 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണമേഖല, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,കൊല്ലം
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നീണ്ടകര സബ് ഡിവിഷൻ (ശ്രീ. വി. എൻ. ഉണ്ണികൃഷ്ണൻ , ശ്രീ. വിമൽ പ്രസാദ് എന്നിവരുടെ ഹാജർ സാക്ഷ്യപത്രം എല്ലാ മാസവും ഇരുപത്തിയഞ്ചാം തീയതിക്കു മുമ്പായി ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. )
5. സ്റ്റോക്ക് ഫയലിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr